## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 738** **29.11.2018 -ൽ മറുപടിയ്ക്ക്**

### പാതിരാമണൽ ഇക്കോടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ആലപ്പുഴ പാതിരാമണൽ കേന്ദ്രമാക്കി ഇക്കോടൂറിസം സാദ്ധ്യതകൾ ആവിഷ്കരിക്കാമെന്നും ഇതിനായി Destination Development of Pathiramanal Bio Park എന്ന പദ്ധതി നടപ്പിലാക്കാനും ടൂറിസം വകുപ്പ് തീരുമാനിച്ചിരുന്നോ; എങ്കിൽ ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | തീരുമാനിച്ചിരുന്നു.<br>ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണൽ എന്ന സ്ഥലത്തെ ഇക്കോ ടൂറിസം സാധ്യതകൾ മുന്നിൽ കണ്ട് തയ്യാറാക്കിയ Destination Development of Pathiramanal Bio Park എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയിത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ വകുപ്പ് തീരുമാനിക്കുയും ആയതിന് സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ ഉൾപ്പെടെ 499.61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം പാതിരാമണൽ ടൂറിസം പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ വകുപ്പ് നടത്തിയിരുന്നുവെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളും കോടതി കേസുകളും കാരണം പദ്ധതി നിർവ്വഹണം തുടങ്ങുന്നതിന് സാധിക്കാതെ വന്നു. ഇക്കാരണത്താൽ പദ്ധതി നിർവ്വഹണം കേന്ദ്ര സർക്കാർ നിഷ്കർഷിച്ച രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം പദ്ധതിക്കായി കാലാവധിക്കുള്ളിൽ ചെലവഴിച്ചത് കഴിച്ച് ബാക്കി തുക കേന്ദ്ര സർക്കാരിന് തിരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ